# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.899 — 10.06.2019-ൽ മറുപടിയ്ക്ക്.

### വന്യജീവിസങ്കേതങ്ങൾക്കുള്ളിലെ തേക്ക്തോട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറയ്ക്കൽ അബ്ദുല്ല | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യജീവിസങ്കേതങ്ങൾക്കുള്ളിലെ തേക്ക് തോട്ടങ്ങൾ കൊണ്ട് വന്യമൃഗങ്ങൾക്ക് ഉണമില്ലെന്നും ഭക്ഷണത്തിന് പ്രയോജനപ്പെടുന്നില്ലെന്നും കരുതുന്നുണ്ടോ; | (എ) വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ തേക്കു തോട്ടങ്ങൾ വന്യജീവി പരിപാലനത്തിൽ എത്ര കണ്ട് സ്വാധീനിക്കുന്നു എന്നത് സംബന്ധിച്ച് വിശദമായ ഒരു പഠനം നടന്നിട്ടില്ല. കേരളത്തിലെ വനമേഖലകളിലെ തേക്ക് ഉൾപ്പെടെയുള്ള തോട്ടങ്ങൾക്ക് പകരം സ്വാഭാവിക വനം വച്ചു പിടിപ്പിക്കുന്നതിനുള്ള സാദ്ധ്യത സംബന്ധിച്ച് പഠനം നടത്തുന്നതിനുള്ള ഒരു വിദഗ്ധ സമിതി രൂപീകരിച്ചുകൊണ്ട് 10.05.2019-ൽ സർക്കാർ ഉത്തരവ് (സാധാ) നം.168/2019/വനം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ പഠനറിപ്പോർട്ട് ലഭ്യമായാൽ മാത്രമേ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭിക്കുകയുള്ളൂ. |
| (ബി) എങ്കിൽ വനമേഖലയിലെ തോട്ടങ്ങളിലെ തേക്ക് ഉൾപ്പെടെയുള്ള മരങ്ങൾ മുറിച്ചു നീക്കി പകരം സ്വാഭാവിക വനം വച്ചുപിടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ച ശേഷം ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്. |
| (സി) സ്വാഭാവിക വനം വച്ചുപിടിപ്പിച്ചാൽ മനുഷ്യ-വന്യജീവി സംഘർഷം കുറയുന്നതോടൊപ്പം സർക്കാരിന് വരുമാനവും കുറയുമെന്ന് കരുതുന്നുണ്ടോ; | (സി) ഇക്കാര്യങ്ങളും ഈ വിദഗ്ധ സമിതിയുടെ പഠന വിഷയങ്ങളാണ്. സമിതിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇതു സംബന്ധിച്ച് നിഗമനത്തിലെത്താൻ സാധിക്കുകയുള്ളൂ. |
| (ഡി) എങ്കിൽ ഇതു സംബന്ധമായ കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ഡി) വിദഗ്ധ സമിതിയുടെ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ